Smart City കരാർ ഒപ്പിട്ട് 24 മണിക്കൂറിനുള്ളിൽ ഞാൻ ഉന്നയിച്ച 6 ചോദ്യങ്ങൾക്ക് 5 ദിവസത്തിനുശേഷം പ്രതികരണം ലഭിച്ചിരിക്കുന്നു. എന്റെ ചോദ്യങ്ങൾ വളരെ കൃത്യമായിരുന്നു. അതുകൊണ്ട് തന്നെ കൃത്യമായ ഒരു ഉത്തരം ഞാൻ പ്രതീക്ഷിക്കുകയും ചെയ്തു. പക്ഷെ നിർഭാഗ്യവശാൽ "അരിയെത്ര എന്ന ചോദ്യത്തിന് പയർ അഞ്ഞാഴി" എന്നാണ് അദ്ദേഹം ഉത്തരം പറഞ്ഞത്.

എന്നാൽ ചോദ്യങ്ങൾക്കും അക്ഷേപങ്ങൾക്കും മുമ്പിൽ ബഹു: മുഖ്യമന്ത്രിയുടെ നിലപാട് എടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്ക് വ്യക്തമായ ഉത്തരം നല്കുവാൻ ഞാൻ തയ്യാറുമാണ്. എന്റെ ഉത്തരം വ്യക്തമായിരിക്കുന്നതിന്റെ കാരണം എന്റെ നിലാപടുകൾ അന്നും ഇന്നും ഒന്നാണ് എന്നുള്ളതുകൊണ്ടാണ്.

<u>പ്രതികരിക്കാത്തതെന്ത്:</u>

ഉത്തരങ്ങളില്ലാത്ത മറുപടിയിൽ അദ്ദേഹത്തിന്റെ പ്രധാന ആക്ഷേപം ഞാൻ കരാറിന്റെ കരിടിനെപറ്റി അഭിപ്രായം പറഞ്ഞില്ല എന്നുള്ളതാണ്. Smart City യുമായി ബന്ധപ്പെട്ട് ഞാൻ പ്രതിപക്ഷ നേതാവായ അന്നു മുതൽക്കേ എടുത്ത തീരുമാനമാണ്. ഇത് കരാർ വന്ന ശേഷം കൈക്കൊണ്ട തീരുമാനമല്ല. ടീകോമുമായി നടത്തിയ വിലപേശലിൽ ഒരു നല്ല ഇടപാടിനു പകരം മുൻ സർക്കാർ ചെയ്തതെല്ലാം തെറ്റ് എന്ന് വരുത്തി തീർക്കാനുള്ള ഒരു രാഷ്ട്രീയ അഭിനിവേശം മാത്രമാണ് ഈ സർക്കാർ കാണിച്ചത്. അതുകൊണ്ട് തന്നെ കേരളത്തിന് മാറ്റത്തിനു വേണ്ടിയുള്ള മാറ്റങ്ങളും കൈവന്നു. മുഖ്യമന്ത്രി ആയിരിക്കെ എനിക്ക് Smart City വിഷയത്തിൽ വി.എസ്. അച്യുതാനന്ദനിൽ നിന്നുണ്ടായ ദുരനുഭവം അദ്ദേഹം മുഖ്യമന്ത്രി ആയിരിക്കുമ്പോൾ എന്നിൽ നിന്നും ഉണ്ടാകരുത് എന്ന് എനിക്ക് നിർബന്ധമുണ്ട്. അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് എനിക്ക് കരട് കരാർ നല്കിയത് ഉദ്ദേശശുദ്ധി ഇല്ലാതെയാണ്. ക്യാബിനറ്റിന്റെ മുമ്പിൽ ഇത് വെച്ചത്പോലും അങ്ങനെയാണ്. അതുകൊണ്ടാണ് ക്യാബിനറ്റ് അംഗീകരിച്ച കരടും ഒപ്പിട്ട കരാറും തമ്മിൽ അജഗജാന്തരമുള്ളത്.

<u>ഇൻഫോപാർക്ക് വിട്ടുകൊടുത്തില്ല എങ്കിൽ Smart City വരില്ല</u>

എനിക്കെതിരെ മറ്റൊരു പ്രധാന ആക്ഷേപം ഞാൻ പ്രസ്ഥാവിച്ച മേൽപ്പറഞ്ഞ വാകൃങ്ങളാണ്. എന്റെ ഭാവനയിലെ Smart City

അക്ഷരാർത്ഥത്തിൽ Smart ആയിരുന്നു. ഇന്ന് കരാർ ഒപ്പിട്ട്, അടുത്ത വർഷം പണി തുടങ്ങി, മൂന്നു വർഷം ഇഴഞ്ഞു നീങ്ങി അഞ്ചാം വർഷം ഉപേക്ഷിച്ച് . . . . . . . എന്നുള്ള രീതിയിൽ ആയിരുന്നില്ല അത്. ഇന്ന് കരാർ ഒപ്പിട്ടാൽ നാളെ പ്രവർത്തനം തുടങ്ങുന്ന Smart City യാണ് ഞാൻ വിഭാവനം ചെയ്തത്. അതിന് ഏറ്റവും ഉത്തമം ഒരു ഒപ്പറേഷണൽ IT Park Smart City യിൽ ഉണ്ടാവുക എന്നതു തന്നെയാണ് അല്ലാത്തൊരു സാഹചര്യത്തിൽ international IT Company കൾ Smart City യിൽ വരുവാൻ വർഷങ്ങൾ എടുക്കും. ഇന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന Info Park പ്രതീക്ഷിക്കാവുന്നതിലും കൂടിയ വിലക്കാണ് വിൽക്കാൻ തീരുമാനിച്ചത്. ടീകോമിന് വില്ക്കുന്നു എന്നാണ് പ്രചരിപ്പിച്ചതും ഇന്നും പ്രചരിപ്പിക്കുന്നതും. എന്നാൽ കേരള സർക്കാരിന് കൂടി പങ്കാളിത്തമുള്ള SPV കമ്പനിക്കാണ് Info Park വിൽക്കാൻ ഉദ്ദേശിച്ചത്. 80 കോടി രൂപ മൂല്യമുണ്ടായിരുന്ന Info Park 109 കോടി രൂപയ്ക്കാണ് കൈമാറാൻ തീരുമാനിച്ചത്. അന്ന് Info Park പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട വി.എസ്.അച്യുതാനന്ദൻ അധികാരത്തിൽ വന്ന് ഒരു വർഷം തികയും മുമ്പേ കുത്തകകൾ എന്ന് അദ്ദേഹം തന്നെ വിശേഷിപ്പിക്കുന്ന സ്വകാര്യ കമ്പിനികൾക്ക് വെറും 69000 രൂപ സെന്റിന് എന്ന നിരക്കിൽ കൈമാറുകയുണ്ടായി. 2005-ൽ 1.18 ലക്ഷം രൂപ സെന്റിന് UDF വിലവാങ്ങാൻ ഉദ്ദേശിച്ച അതേ സ്ഥലത്തിനാണ് 2007-ൽ 69000 രൂപ വി.എസ്. വിലവച്ചത് എന്നു കൂടി ഓർക്കണം. ആരും അറിയാത്ത ഈ ഇടപാടിനും അദ്ദേഹത്തിന് എന്തെങ്കിലും വളഞ്ഞ ന്യായമുണ്ടാകാം.

<u>അവരുമായി വിലപേശിയാൽ വിദേശ മലയാളികളെയെല്ലാം തിരിച്ചയയ്ക്കും.</u>

ഞാൻ നടത്തി എന്നു പറയുന്ന ഈ പ്രസ്താവന എന്ന്, എവിടെവച്ചാണ് എന്നുകൂടി മുഖ്യമന്ത്രി പറയണം. മേൽപ്പറഞ്ഞ രീതിയിൽ ഞാൻ പറഞ്ഞിട്ടില്ല. പറഞ്ഞതെല്ലാം മറക്കുകയും, മറക്കാത്തതെല്ലാം മാറ്റി പറയുകയും ചെയ്യുന്ന സ്വഭാവം എന്റെ രാഷ്ട്രീയ ജീവിതത്തിലും വ്യക്തിജീവിതത്തിലും ഇല്ല. പറയാത്തകാര്യങ്ങൾ പറഞ്ഞത് എന്ന് വിശേഷിപ്പിച്ച് പ്രചരിപ്പിക്കുന്നത് ഒരു പ്രതിപക്ഷനേതാവ് എന്ന നിലയിൽ ശ്രീ. വി.എസ്.അച്യുതാനന്ദൻ അഭിമാനമായി കണ്ടിരുന്നു. എന്നാൽ ഒരു മുഖ്യമന്ത്രി എന്ന നിലയിൽ അത് തുടരുന്നത് അപമാനകരമാണ്. Dubai ഭരണകൂടത്തിന്റെ പ്രസ്ഥാനമായ Tecom നെ ഏറ്റവും മോശമായ രീതിയിൽ ചിത്രീകരിച്ചപ്പോൾ കേരളവും Dubai യും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടെന്നും അനേക മലയാളികൾക്ക് തൊഴിൽ പ്രധാനം ചെയ്യുന്ന ഒരു

ഭരണകൂടത്തെ ഇതേ രീതിയിൽ അധിക്ഷേപിച്ചാൽ അത് ബന്ധങ്ങളെ ബാധിക്കുമെന്നും അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടിവരുന്നത് Dubai -ൽ ജോലി ചെയ്യുന്ന നമ്മളുടെ ആളുകൾ ആയിരിക്കൂ എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞ ആ കാര്യങ്ങൾ ബോധ്യമുള്ളതുകൊണ്ടല്ലേ കുമ്പകോണക്കാരാണെന്നും, റിയൽ എസ്റ്റേറ്റുകാരാണെന്നും, കൊള്ളക്കാരാണെന്നും എല്ലാം ശ്രീ. വി.എസ്.അച്യുതാനന്ദൻ പറഞ്ഞവരെ അദ്ദേഹം തന്നെ ചുവപ്പ് പരവതാനി വിരിച്ച് സ്വീകരിച്ചത്.

<u>വാരിക്കോരി നൽകിയതെല്ലാം ഐ.റ്റി. നയമനുസരിച്ചാണ്.</u>

ഒന്നും കൊടുക്കുന്നില്ല എന്ന് പറഞ്ഞ് ഒതുക്കത്തിൽ ജനങ്ങളെ കബളിപ്പിച്ച് എല്ലാം കൊടുക്കുന്നതിലും ഇന്നത് കൊടുക്കുന്നു എന്ന് പറഞ്ഞ് കൊടുക്കുന്നതാണ് അഭിമാനം എന്ന് ഞാൻ വിചാരിക്കുന്നു. 2001 -ൽ UDF ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം അംഗീകരിച്ച IT Policy ഈ രംഗത്ത് വളരെ സാധ്യത ഉള്ളതും എന്നാൽ വളരെ വളരെ പിന്നോക്കം നിൽക്കുന്നതുമായ ഈ സംസ്ഥാനത്തെ മുന്നിലെത്തിക്കിന്നതിനു വേണ്ടിയുള്ള ഒരു വിളംബരമായിരുന്നു. കമ്പ്യൂട്ടർ വിരുദ്ധ സമരത്തിലൂടെ നമുക്ക് നഷ്ടപ്പെട്ട അവസരങ്ങൾ തിരിച്ചു പിടിക്കുക എന്ന ഉദ്ദേശത്തോടെ ആയിരുന്നു UDF ന്റെ IT Policy.

UDF Tecom -നോട് നേരിട്ടാണ് സംസാരം നടത്തിയത്. അന്നത്തെ ഏറ്റവും പ്രധാന ആക്ഷേപം സർക്കാർ കണ്ടെത്തിയ പങ്കാളി നല്ലതല്ല എന്നായിരുന്നു. LDF ന്റെ കാലത്ത് പലരും ഈ പദ്ധതിയുമായി രംഗത്ത് വന്നു. എന്നാൽ അതിൽ ആരുമായിപോലും ചർച്ച നടത്തുവാൻ ഈ സർക്കാർ കൂട്ടാക്കിയില്ല. ഒരു പദ്ധതിയുമായി പലരും വന്നാൽ ചെയ്യുന്ന സ്വാഭാവിക രീതി ടെൻഡർ ക്ഷണിക്കുക എന്നതാണ്. ഈ കാര്യത്തിൽ അതും സംഭവിച്ചില്ല. ടീകോമുമായി മാത്രം സർക്കാർ സംസാരിച്ചു. ടീകോമിനെ പ്രതി UDF നെ ചെളിവാരി എറിഞ്ഞവർ പിന്നീട് ഞങ്ങളുമായി കൈകോർത്തത് UDF ചെയ്തത് ശരിയാണ് എന്ന് അംഗീകരിക്കലായിരുന്നു. പ്രതിപക്ഷത്തു നിന്ന് ഭരണപക്ഷത്തേക്ക് എത്തുമ്പോൾ ഉണ്ടാകുന്ന നയ മാറ്റങ്ങളുടെ പട്ടികയിൽ ഒന്നുകൂടി.

ഞാൻ ചോദിച്ച 6 കൃത്യതയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നല്കാതെ മുഖ്യമന്ത്രി ഒഴിഞ്ഞ് മാറിയിരിക്കുകയാണ്. എന്റെ ചോദ്യങ്ങളും മുഖ്യമന്ത്രിയുടെ ഉത്തരങ്ങളും ജനങ്ങൾ വിലയിരുത്തട്ടെ.

എന്റെ ചോദ്യക്കുള്ള മുഖ്യമന്ത്രി നൽകിയ മറുപടികളിൽ അദ്ദേഹം മൂടിവച്ചതും ഒഴിഞ്ഞു മാറിയതുമായ വസ്തുതകൾ ചൂണ്ടികാട്ടുന്നു.

ചോദ്യം 1. സ്മാർട്ട്സിറ്റിക്കു വേണ്ടി നല്കിയിരിക്കുന്ന 246 ഏക്കറിൽ കെ.എസ്.ഇ.ബി.യുടെ 100 ഏക്കർ ഭൂമിക്കും കിൻഫ്രയുടെ 10 ഏക്കറിന്റേയും വില എത്ര?

ഉത്തരം: 246 ഏക്കർ മൊത്തത്തിൽ 104 കോടി രൂപയ്ക്കാണ് പാട്ടത്തിന് നൽകുന്നത്. KSEB യുടേതെന്നോ Kinfra യുടേതെന്നോ തരംതിരിച്ചിട്ടില്ല.

---

99 വർഷത്തെ പാട്ടം എന്നു പറയുന്നത് കല്പിത വില്പനയാണ് എന്നിരിക്കെ 99 വർഷത്തിനുശേഷം പാട്ടം പുതുക്കാനുള്ള വ്യവസ്ഥകൂടി ഉണ്ടെങ്കിൽ അത് പൂർണ്ണവില്പനതന്നെയാണ്. മന്ത്രിസഭ അംഗീകരിച്ച കരടിൽ ഇല്ലാതെ കരാറിൽ വന്ന പ്രധാനപ്പെട്ട ഒരു കാര്യവും ഇതുതന്നെയാണ്. (Art 5.4). 12% ഭൂമി freehold ആയി നല്കുന്നതും പാട്ടത്തുകയ്ക്കാണ്. പ്രത്യേക വിലയില്ല. അതായത് തത്വത്തിൽ ഇത് വിൽപ്പനയാണ് എന്ന് ഗവൺമെന്റ് തന്നെ അംഗീകരിക്കുന്നു. Art 5.2 (c) യിൽ പാട്ടഭൂമിയിലുള്ള അവകാശം പണ യപ്പെടുത്തി അതിൽ ബാദ്ധ്യത സൃഷ്ടിക്കുന്നതിനോ Art 5.2 (d) യിൽ പറയുന്നതുപോലെ മൂന്നാമതൊരു പാർട്ടിക്ക് ഇതേ ഭൂമിയോ അതിൽ പണിയുന്ന കെട്ടിടമോ സബ് ലീസ് ചെയ്യുവാനും പാട്ടക്കാരനെ അനുവദിക്കുന്ന വ്യവസ്ഥ ഇത് വില്പന തന്നെയാണ് എന്ന് അടിവരയിടുന്നു.

110 ഏക്കറിന്റെ വില ചോദിച്ചപ്പോൾ അതിന് പ്രത്യേകമായിട്ട് ഒരു വില ഇല്ല എന്നാണ് മുഖ്യമന്ത്രി അവകാശപ്പെടുന്നത്. ഗവൺമെന്റ് ഭൂമിയുടെ പാട്ടത്തുക പോലും പറയുവാൻ മുഖ്യമന്ത്രിക്കു സാധിച്ചില്ല. പ്രതിപക്ഷനേതാവായിരുന്നപ്പോൾ 100 ഏക്കറിന് 350 കോടി വില പറഞ്ഞ മുഖ്യമന്ത്രിക്ക് ഇപ്പോൾ 110 ഏക്കർ ഭൂമിയുടെ വില പറയുവാൻ സാധിക്കുന്നില്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ

മാത്രമെ അദ്ദേഹത്തിന് സ്ഥലത്തിന്റെ വില നിശ്ചയിക്കുവാൻ അറിയൂ എന്നാണോ?

110 ഏക്കർ സർക്കാർ ഭൂമിയുടെ വില എത്രയെന്ന് അറിയില്ലാത്ത മുഖ്യമന്ത്രിക്ക് കുറഞ്ഞപക്ഷം അക്വയർ ചെയ്ത 136 ഏക്കറിന്റെ വില അറിയേണ്ടതല്ലേ. സ്വകാര്യഭൂമി ഉടമകൾക്ക് ഗവൺമെന്റ് രൂപാ കൊടുത്തു വാങ്ങുന്ന ഭൂമിയാണ്. അതും അദ്ദേഹം പറയുന്നില്ല. ഇതിനെല്ലാം പുറമേ free hold ആയി കൊടുക്കുന്ന 12% ഭൂമിയുടെ (Register ചെയ്തു തീറാക്കി കൊടുക്കുന്ന ഭൂമിയുടെ) വിലയെങ്കിലും പറയാമോ?

ചോദ്യം 2. സ്മാർട്ട്സിറ്റി കരാർ യാഥാർത്ഥ്യമാകുമ്പോൾ ഭൂമി വില ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ടീക്കോമിന് അച്ച്യുതാനന്ദൻ സർക്കാർ സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ? ഉണ്ടങ്കിൽ എത്ര?

ഉത്തരം: ഒരു സൗജന്യവും ഇല്ല

---

ഈ ഉത്തരം ശരിയൊ തെറ്റോ എന്ന് കേരളത്തിലെ ജനങ്ങൾ നിശ്ചയിക്കട്ടെ. എറണാകുളത്ത് 246 ഏക്കറിന് 104 കോടി രൂപയാണോ വില? പാട്ടം എന്നത് സാങ്കേതികം മാത്രം. 246 ഏക്കർ ഭൂമി 104 കോടി രൂപക്ക് വില്പന എന്ന വാക്ക് ഒഴിവാക്കി വിറ്റിട്ട് സൗജന്യം കൊടുക്കുന്നില്ല എന്ന് പറയുന്നതിൽ എന്താണ് ന്യായീകരണം. രണ്ടു കൊല്ലം മുമ്പ് ഇതേ സ്ഥലത്തിന് ഏക്കറിന് 3.5 കോടി രൂപ വരും എന്ന് പറഞ്ഞ അതേ വ്യക്തിയാണ് ഇന്ന് 246 ഏക്കർ 104 കോടി രൂപയ്ക്ക് കൊടുത്തിട്ട് 'സൗജന്യം ഒന്നും ഇല്ല" എന്ന് പറയുന്നത്. രണ്ടു വർഷം മുമ്പ് വി.എസ്. പറഞ്ഞ വിലവെച്ചു നോക്കുമ്പോൾ 246 ഏക്കർ ഭൂമിക്ക് 861 കോടി വരും. ആ കണക്കിൽ സൗജന്യം 757 കോടി രൂപ. ഞാൻ ആ തുക പറയുന്നില്ല. ഈ പ്രദേശത്ത് റവന്യൂ അധീകൃതർ നിശ്ചയിച്ചിട്ടുള്ള വില മുഖ്യമന്ത്രിക്ക് അറിഞ്ഞുകൂടേ? നികത്തിയ ഭൂമിക്ക് സെന്റിന് 1 ലക്ഷം രൂപയും കര ഭൂമിക്ക് ഒന്നര ലക്ഷം രൂപയും PWD റോഡ് സൗകര്യമുള്ള ഭൂമിക്ക് 2 ലക്ഷം രൂപയുമാണ് വിലയിട്ടിരിക്കുന്നത്. ഇതിന്റെ ശരാശരി വില കണക്കിലെടുത്താൽ 246 ഏക്കർ ഭൂമിക്ക് 369 കോടി വിലവരും. അതായത് സൗജന്യം 265 കോടി രൂപ. 36 കോടി രൂപയേക്കാൾ

104 കോടി രൂപാ വലുതാണെന്നു പറയുന്ന മുഖ്യമന്ത്രി എന്തു കൊണ്ട് Government land (110), Private land (136) Free hold land 12% (29.5) ഏക്കർ ഇവയുടെ വില പറയാതെ ഇരിക്കുന്നു. UDF ന്റെ 36 കോടിക്ക് എല്ലാ കണക്കും പറഞ്ഞിട്ടില്ലേ. UDF നേക്കാൾ 3 ഇരട്ടി വിലയ്ക്ക് വില്ക്കുമ്പോൾ എല്ലാ മറച്ചു വെയ്ക്കുന്നതു എന്തിനു വേണ്ടി. എവിടെയാണ് സുതാര്യത. ആരാണ് ജനങ്ങളെ വിശ്വാസത്തിൽ എടുത്തു എല്ലാം തുറന്നു പറഞ്ഞിരിക്കുന്നത് എന്ന് ജനങ്ങൾ തീരുമാനിക്കട്ടെ.

പരിസരവാസികളിൽ നിന്നും ഭാവിയിൽ അക്വയർ ചെയ്യുന്ന Future land (167 ഏക്കർ) Tecom ആവശ്യപ്പെട്ടാൽ അക്വയർ ചെയ്ത അതേ വിലയിൽ കൊടുക്കും എന്ന് പറയുന്നു (Art 8.2.8) എങ്കിൽ സൗജന്യം ഇല്ലന്ന് എന്ന് അവകാശപ്പെടുന്ന സ്ഥിതിക്ക് എന്തു കൊണ്ട് ഇതുപോലെ തന്നെ അക്വയർ ചെയ്ത 136 ഏക്കറിന് അക്വിസിഷൻ വില വേണം എന്ന വ്യവസ്ഥവച്ചില്ല?

ചോദ്യം 3. 'ഡയറക്ട് ജോബ്' എന്ന യു.ഡി.എഫ്. കരാറിലെ വ്യവസ്ഥയിൽ Direct എന്ന വാക്ക് ഒഴിവാക്കിയത് എന്തിന്?

ഉത്തരം: UDF കരടിൽ തന്നെ Direct Job എന്നല്ല, Cumulative job എന്നാണ്

---

Direct job എന്നു തന്നെയാണ് എഴുതിയിരിക്കുന്നത് (Art. 5.4) . . . . . . Smart City shall together create and provide for at least 33300 Direct jobs in the Smart City in addition to the number of existing jobs as on execution date and jobs to be created in Info Park buildings and jobs to be created by Wipro and Leela Group in their leased plots . . . . . . .. Direct job എന്നത് എന്തിന് മാറ്റി എന്ന എന്റെ ചോദ്യത്തിന് അദ്ദേഹം തന്നെ ഉത്തരം വിചിത്രമാണ്. നിയമപരമായി നിലനിൽക്കേണ്ട ഒരു കരാറിൽ ഉപയോഗിക്കുന്നത് നിയമഭാഷയാണ്. അതിൽ ഒരോ വാക്കിനും അതിന്റേതായ അർത്ഥം ഉണ്ട്. അതുകൊണ്ടാണ് 'Direct job' എന്നതിന്റെ പ്രസക്തി ഞാൻ ചൂണ്ടിക്കാണിച്ചത്. വളരെ വ്യക്തമായ അർത്ഥമുള്ള ഒരു പദം മാറ്റി വളരെയേറെ വലിപ്പമുള്ള ഒരു സംഖ്യ എഴുതുന്നത് ജനങ്ങളുടെ കണ്ണിൽ

പൊടിയിടാനാണ് എന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ശ്രമിച്ചത്.

ഒരു കരാറിൽ ഒരു കാര്യത്തെക്കുറിച്ച് വ്യക്തമായി ഒരിക്കൽ പ്രതിപാദിച്ചാൽ പിന്നീട് എവിടെയെല്ലാം ആ വാക്ക് വരുന്നോ അവിടെ എല്ലാം മുന്നമേ പ്രതിപാദിച്ച അതേ അർത്ഥമാണ് വരുന്നത്. UDF കരടിൽ Art 5.4-ൽ വ്യക്തമായി 'direct job' എന്നു പറഞ്ഞ സ്ഥിക്ക് പിന്നീട് അതിന് അതേ അർത്ഥം തന്നെയാണ് വരിക.

Cumulative എന്ന പദം കരാറിൽ വന്നത് മുഖ്യമന്ത്രി വളരെ തെറ്റിദ്ധരിച്ചാണ് മനസ്സിലാക്കിയിരിക്കുന്നത്. 'Direct' നു പകരമാവില്ല 'Cumulative' എന്നത്.

Cumulative എന്ന വാക്കിന്റെ അർത്ഥം 'ഉത്തരോത്തരം വർദ്ധിക്കുന്ന' എന്നാണ്. ഇംഗ്ലീഷിൽ ഇതിന്റെ അർത്ഥം becoming greater by successive addition എന്നാണ്. UDF കരടിൽ ഒരോ കാലഘട്ടത്തിലും നൽകേണ്ടുന്ന ജോലിയെക്കുറിച്ച് പ്രതിപാദിച്ചിരുന്നു.

| | | |
|---|---|---|
| 5 വർഷം കൊണ്ട് | - | 5000 |
| 7 വർഷം കൊണ്ട് | - | 15000 |
| 10 വർഷം കൊണ്ട് | - | 33300 |

എന്ന ക്രമത്തിൽ ഇതിൽ 7 വർഷം കൊണ്ട് ഉണ്ടാക്കേണ്ട 15000 തൊഴിലും 10 വർഷം കൊണ്ട് ഉണ്ടാക്കേണ്ട 33300 തൊഴിലും മുൻ വർഷങ്ങളിലേക്ക് ഉൾപ്പെടെ എന്നതാണ് 'Cumulative' എന്ന വാക്കിന്റെ അർത്ഥം. മുൻ വർഷങ്ങളിലെ തൊഴിൽ ഉൾപ്പെടെ 10 വർഷം കൊണ്ട് 33300 തൊഴിൽ സൃഷ്ടിക്കണമെന്നാണ് Cumulative എന്ന പദം കൊണ്ട് അർത്ഥമാകുന്നത്.

Built up area യുടെ കാര്യത്തിലാണെങ്കിൽ Development plan അനുസരിച്ചും, തൊഴിലിന്റെ കാര്യത്തിലാണെങ്കിൽ 33300 Direct job എന്നും മുൻ വകുപ്പുകളിൽ വളരെ കൃത്യമായി പറഞ്ഞിട്ടുള്ളതാണ്. UDF ന്റെ അതേ Development plan തന്നെയാണ് LDF ഉം കൊണ്ടുവന്നിരിക്കുന്നത്. രണ്ടിലും മൊത്തം വിസ്തീർണ്ണം 88 ലക്ഷം Sq.ft. ആണ്. IT ക്ക് വേണ്ടി UDF ന്റെ പ്ലാനിൽ 59.44 ലക്ഷവും (68%) LDF

ന്റെതിൽ 62 ലക്ഷവും (70%) എന്നു മാത്രമാണ് വ്യത്യാസം. ചുരുക്കിപ്പറഞ്ഞാൽ വെറും 2% IT built up area യുടെ വ്യത്യാസം മാത്രമാണ് രണ്ടു കരാറിലും ഉള്ളത്.

മുഖ്യമന്ത്രി ബോധപൂർവ്വം ഇവിടെയും ജനങ്ങളെ തെറ്റ് ധരിപ്പിക്കുവാൻ ശ്രമിക്കുകയാണ്. UDF കരാറിൽ 20000 ജോലി എന്നും 20 ലക്ഷം sq;ft; എന്നും പദപ്രയോഗമുണ്ട്. പക്ഷെ അത് മുഖ്യമന്ത്രി വ്യാഖ്യാനിക്കുന്നതിപോലെയല്ല. ഏറ്റവും ചുരുങ്ങിയത് ഇരുപതിനായിരം തൊഴിലും, ഇരുപതു ലക്ഷം sq.ft. കെട്ടിടവും എന്നത് 100 ഏക്കർ പാട്ടഭൂമിക്ക് വേണ്ടിയുള്ള Default clause ആണ്. സൃഷ്ടിക്കാത്ത് ഓരോ തൊഴിലിനും 6000 രൂപ പിഴ എന്നതിനു പുറമേയാണ് ഇത്. 90000 തൊഴിൽ തരുവാൻ വ്യക്തമായ വ്യവസ്ഥ LDF കരാറിൽ ഉണ്ട് എന്നവകാശപ്പെടുന്ന മുഖ്യമന്ത്രി എന്തുകൊണ്ട് "Tecom shall generate at least 90000 jobs" എന്നത് അവസാന നിമിഷം "Tecom shall make best efforts to generate" എന്നാക്കി മാറ്റി.

എന്റെ ചോദ്യത്തിന് ഉത്തരമായി മുഖ്യമന്ത്രി എന്നോട് ഉന്നയിച്ച ചില ചോദ്യങ്ങൾക്കും ഞാൻ മറുപടി നൽകാം.

1. UDF കരടിൽ Direct എന്ന വാക്ക് മാറ്റിയിട്ടില്ല. Art 5.4 മുകളിൽ വിവരിച്ചിരിക്കുന്നത് കാണുക.
2. 33300 തൊഴിൽ എന്നത് Info Park ലെ തൊഴിൽ ഉൾപ്പെടാതെ ഉള്ളതു തന്നെയാണ്. Art. 10.3.-ൽ പറയുന്നത് ഇൻഫോ പാർക്കിലെ നിലവിലുള്ള ജോലികളെക്കുറിച്ചല്ല മറിച്ച് Info Park Estate-ൽ (62.72 ഏക്കറിൽ) ഉണ്ടാകുന്ന ജോലി സാദ്ധ്യകളെക്കുറിച്ചാണ്.
3. Art. 10.3 ലെ ഒരു ഭാഗം അടർത്തി എടുത്താണ് മുഖ്യമന്ത്രി സംസാരിക്കുന്നത്. Art 10.3.-ൽ വിവരിച്ചിരിക്കുന്ന സമയ ബദ്ധിതമായി പൂർത്തികരിക്കേണ്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാതിരിക്കരുത് എന്നാണ് Default clause ൽ പറയുന്നത്. യു.ഡി.എഫ്. കരാറിലെ Art.10.3 ഇങ്ങനെയാണ് പറയുന്നത്.

   TECOM and its Permitted Affiliate shall ensure that it actively markets Smart City as a destination for investment and does all things necessary for the purpose. Without prejudice to the generality of the foregoing, TECOM and its pPermitted Affiliate shall adopt a minimum program to generate within 10 years of

Closing Date a cumulative total of 33,300 jobs For the purpose of short fall penalty payable by SPV, as set out in 8.2.1 above only the following interim minimum levels of jobs shall be created in the Infoparks Estate, Additional Land and Lease Land.

| Timeline | Total number of Jobs |
|---|---|
| Within 5 years of the Closing Date | 5,000 |
| Within 7 years of the Closing Date | 15,000 (cumulative) |
| Within 10 years of the Closing Date | 33,300 (cumulative) |

4. Info park ലെ തൊഴിൽ കൂടാതെ 33300 എന്നാണ് UDF കരട്.

ചോദ്യം 4: കമ്പനിയുടെ പ്രാരംഭമൂലധന നിക്ഷേപം യു.ഡി.എഫ്. കരാറിൽ 240 കോടി രൂപ ആയിരുന്നു. അത് 120 കോടി രൂപയാക്കി കുറച്ചു കൊടുത്തത് ആരുടെ താല്പര്യം സംരക്ഷിക്കാനാണ്?

ഉത്തരം: പ്രാരംഭമൂലധന നിക്ഷേപത്തിൽ മാറ്റമുണ്ട്. കുറവു വരുന്ന മൂലധനം എത്തിക്കേണ്ട ബാധ്യത Tecom -നാണ്.

---

240 കോടി 120 കോടി ആക്കി എന്നു സമ്മതിച്ചതിൽ സന്തോഷം. അതായത് FDI 218.4 കോടിയിൽ നിന്നും 100.8 കോടിയായി ചുരുങ്ങി. മൊത്തം മൂലധനം 1700 കോടിയാണ് എന്നദ്ദേഹം പറയുന്നു. എന്നാൽ 1700 കോടി മൊത്തം പദ്ധതി തുകയാണ്. Smart City യിൽ മൊത്തം പ്രതീക്ഷിക്കുന്ന നിക്ഷേപമാണ് 1700 കോടി.

സമയത്ത് മൂലധനം എത്തിക്കേണ്ടത് ടീകോമിന്റ ബാധ്യതയാണ് എന്നതാണ് മറ്റൊരു വാദം. സമയത്ത് ഫണ്ട് എത്തിക്കേണ്ട ചുമതലയാണ് ടീകോമിനുള്ളത്. അത് അവർ കടമായി എത്തിക്കുക വഴി കമ്പനിക്ക് പലിശ ഇനത്തിൽ വളരെ ബാധ്യത ഉണ്ടാവുകയും ചെയ്യും. മൂലധനം കുറവായതു കൊണ്ടാണ് ഫണ്ട് കടമായി കൈക്കൊള്ളേണ്ടി വരുന്നത്. UDF കാലത്ത് TECOM നിക്ഷേപിക്കാം എന്നു സമ്മതിച്ച മൂലധനം (FDI) 40% ആയി കുറച്ചതിന് ന്യായീകരണ മില്ല.

ചോദ്യം 5: പ്രാരംഭ മൂലധന നിക്ഷേപത്തിൽ 117.6 കോടി രൂപയുടെ ഇളവ് ടീക്കോമിനു നൽകിയശേഷവും സർക്കാരിന്റെ ഓഹരി 26 ശതമാനമാക്കി നിശ്ചയിക്കുകയും അതിൽ ആദ്യഗഡു 16 ശതമാനമാക്കി നിജപ്പെടുത്തുകയും ബാക്കി 10% 5 വർഷത്തിനുശേഷം വലിയ പ്രീമിയം നല്കി വാങ്ങേണ്ടി വരുകയും ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത വരുത്തുകയില്ലേ?

ഉത്തരം: 10% ഓഹരി എടുക്കുക എന്നത് നമ്മളുടെ നിയമപരമായ ബാധ്യതയല്ല.

---

ഓഹരി ശതമാനവുമായി ബന്ധപ്പെട്ട് ഞാൻ ഉന്നയിച്ച ചോദ്യത്തിന് മുഖ്യമന്ത്രി തന്ന മറുപടി സർക്കാരിന്റെ ഉദ്ദേശം എന്തെന്നു വെളിവാക്കുന്നതായിരുന്നു. 10% ഓഹരി എടുക്കുക എന്നത് നമ്മുടെ നിയമപരമായ ബാദ്ധ്യതയല്ല എന്ന് അദ്ദേഹം പറയുന്നു. അതായത് 10% കൂടി ഓഹരി വാങ്ങുക എന്നത് ഒരു അസംഭ്യമായ കാര്യമാണ് എന്ന് സമ്മതിക്കുക മാത്രമല്ല അതിന് സർക്കാരിന് ഒരു ഉദ്ദേശവും ഇല്ല എന്ന ധ്വനിയാണ് മറുപടിയിലുള്ളത്.

9 % വും 16 % വും തമ്മിൽ കമ്പനി നിയമമനുസരിച്ച് ഒരു വ്യത്യാസവും ഇല്ല. 26% ഷെയർ ലഭിക്കുമ്പോൾ 2 Director എന്നുള്ളത് 3 ആകും. മൊത്തം 10 ഡയറക്ടർ ആണ് കമ്പനിയിൽ ഉള്ളത്. Art 3.2.2 പ്രകാരം ഭൂരിപക്ഷത്തിന്റെ തീരുമാനമാണ് നടപ്പാക്കുക. മാത്രമല്ല 26% ഷെയർ വാങ്ങുക എന്നത് ബാലികേറാമല ആണ് എന്ന് സർക്കാരിന് തന്നെ ബോദ്ധ്യമുണ്ട് എന്നുള്ളത് വ്യക്തം. താഴെ പറയുന്ന വ്യവസ്ഥ തന്നെ ഉദാഹരണം

UDF വ്യവസ്ഥ ഇപ്രകാരമായിരുന്നു. - The GoK shall as long as they hold 9% of the share capital of the SPV be entitled to nominate a Chariman and one Director on the BoD. (Art. 3.1.2)

LDF കരട് കരാറിൽ അത് ഇങ്ങനെയാക്കി - Gok shall be entitled to nominate two Directors on the BoD. Tecom and permitted affiliate may, at their discretion nominate the remaining Directors on the BoD up to the maximum number provided as per clause 3.1.1 above. As

soon as Gok share becomes 26% of the share capital of SPV, Gok shall nominate 3 Directors to the BoD. (Art. 3.1.2)

എന്നാൽ agreement വന്നപ്പോൾ - Gok shall be entitled to nominate two Directors on the BoD as long as the GoK hold not less than 9% of the share capital of the SPV. Nominees of the GoK in the BoD shall be an officer not below the rank of Special Secretary to Government or a Minister. (Art. 3.1.2)

അംഗീകൃത മൂലധനമായ 680 കോടി രൂപയായി കമ്പനിയുടെ മാലധനം ഉയർത്തിയാൽ അതിന്റെ 16% ഓഹരിക്കുവേണ്ടി 108.8 കോടി രൂപ വരും. ഇതു് നിലനിർത്താൻ പറ്റില്ല എന്ന് ബോധ്യമുള്ളതു കൊണ്ടാണോ UDF ഗവൺമെന്റിൻറ കാലത്തെ അതേ വ്യവസ്ഥയിലേക്ക് തിരിച്ചു വന്നത്.

ചോദ്യം: 6 പാട്ടത്തുക ഇനത്തിൽ 104 കോടി രൂപ ചിലവ് കാണിച്ച് ഇൻകംടാക്സ് ഇളവ് നേടാൻ ടീക്കോമിന് സാഹചര്യം ഒരുക്കിയതു വഴി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ലഭിക്കേണ്ട 34.94 കോടി രൂപ നഷ്ടപ്പെടുത്തിയത് സംസ്ഥാന താല്പര്യമോ?

ഉത്തരം: വെറും 36 കോടി രൂപയ്ക്ക് 236 ഏക്കർ സ്ഥലം ടീക്കോമിന് നൽകിയ യുഡിഎഫ് പറയുന്നത് പാട്ടമല്ല വിൽപ്പനയാണ് നല്ലത് എന്നാണ്. ഇതിനു കാരണമായി പറയുന്ന വിചിത്രമായ ന്യായം വിൽപ്പനയ്ക്ക് സ്റ്റാമ്പു ഡ്യൂട്ടി കിട്ടും എന്നതാണ്. സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന എന്തോ തുക നഷ്ടപ്പെട്ടു എന്ന താങ്കളുടെ ആരോപണത്തിന് അടിസ്ഥാനമില്ല.

---------------------------------------------------------------------------------------------------------
-

Incom tax ഇളവിനെപ്പറ്റിയുള്ള എന്റെ ചോദ്യത്തിന് ഉത്തരമില്ല എന്ന് പറയുകമാത്രമല്ല അതിനെക്കുറിച്ച് മറ്റൊന്നും പരാമർശിക്കുകപോലും ചെയ്തില്ല. ഭൂമി വില്പന സാങ്കേതികമായി ഒഴിവാക്കി പാട്ടം ആക്കുക വഴി Income tax ഇനത്തിൽ ലഭിക്കേണ്ട 34.94 കോടി രൂപ നഷ്ടപ്പെടുത്തിയത് എന്തിന് എന്നായിരുന്നു ചോദ്യം. സ്റ്റാമ്പ് ഡ്യൂട്ടിയെക്കുറിച്ചാണ് മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ സ്റ്റാമ്പ് ഡ്യൂട്ടി പ്രശ്നം ഉന്നയിക്കുകപോലും ചെയ്തിട്ടില്ല.

മന്ത്രിസഭ അംഗീകരിച്ച കരടു കരാറിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് മുഖ്യമന്ത്രി മൗനം പാലിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ ബാധിക്കുന്ന വിധത്തിലുള്ള മാറ്റങ്ങൾ എന്തിനു വേണ്ടി എന്ന ചോദ്യവും മറുപടിയില്ലാതെ നിൽക്കുകയാണ്.